aglasem.com

FOR CBSE CLASS 10 PREPARATION

CBSE Class 10 Sample Paper 2027 for Malayalam

EXAM	YEAR	TYPE	SUBJECT
CBSE Class 10	2027	Sample Paper	Malayalam

MALAYALAM- (Code-012)
SAMPLE QUESTION PAPER
Class X (2026-27)

Time Allowed : 3 Hrs	Maximum Marks : 80
അനുവദിച്ചിരിക്കുന്ന സമയം: 3 മണിക്കൂർ	ആകെ മാർക്ക് : 80

The question paper is divided into four sections:

Section A: Reading Comprehension	- 15 marks
Section B: Creative Writing	– 14 marks
Section C: Grammar	– 15 marks
Section D : Literature	– 36 marks

എ വിഭാഗം [Section :A]

1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. [8x1=8]

ആറ്റിക്കുറുക്കി വച്ചാൽ സാഹിത്യത്തിൽ പ്രസ്ഥാനങ്ങൾ മൂന്നേ മൂന്നെന്ന് കാണാം. ക്ലാസിസിസം, റൊമാന്റിസിസം, റിയലിസം. ചിന്തയെ കലുഷമാക്കുന്ന വാക്കുകളാണ് ഇവയെന്ന പ്രൊഫസർ എൽടന്റെ അഭിപ്രായം ഒരളവോളം ശരിയാണ്. അവ വ്യക്തമാക്കാൻ പ്രയാസമുണ്ട് എത്ര വലിയ പണ്ഡിതനും. എങ്കിലും ഒന്നാമത്തേത് സങ്കേതപ്രധാ നം, നടുവിലേത് ഭാവനാപ്രധാനം, ഒടുവിലേത് യാഥാർത്ഥ്യപ്രധാനം എന്നിങ്ങനെ സ്ഥൂലമായി അവയുടെ മർമ്മങ്ങൾ ചൂണ്ടിക്കാണിക്കാം. എന്താണ് സങ്കേതം ? പഴകിയുറച്ചുപോയ ഭാവനയല്ലാതെ മറ്റൊന്നുമല്ല അത്. ഭാവന യാഥാർത്ഥ്യത്തിന്റെ ഉരസൽ കൊണ്ട് മനസ്സിലുണ്ടാവുന്ന ആശയ വികാസരൂപമായ ഒരു വൃത്തിവിശേഷമാണ്. യാഥാർത്ഥ്യമാകട്ടെ ഭൗതികമായോ മാനസികമായോ നില നിന്നു കൊണ്ടിരിക്കുന്ന ഒരു സത്തയും. ഈ മൂന്നിലൊന്നിനെ അംഗിയും മറ്റ് രണ്ടെണ്ണത്തെ അംഗങ്ങളും ആക്കിക്കൊണ്ടല്ലാതെ സാഹിത്യത്തിൽ രൂപശില്പങ്ങൾ സൃഷ്ടിക്കുക സാധ്യമല്ല. മൗലികമായ ഈ ത്രിത്വം സാഹിത്യത്തിലെ അനന്തങ്ങളായ പ്രസ്ഥാനങ്ങളുടെ അലകടലിനെ മുഴുവൻ കോരിക്കുടിക്കാൻ പോരുന്ന അഞ്ജലിയാണ്. എഫ്. എൽ.ലൂക്കോസ് ഇതിനെപ്പറ്റി ഭംഗ്യന്തരേണ ഇങ്ങനെ പറയുന്നു. "സാഹിത്യത്തിന്റെ മാന്ത്രിക വൃത്തം വരഞ്ഞു വച്ചിരിക്കുന്ന ത്രികോണത്തിന്റെ അകന്ന മൂന്ന് ബിന്ദുക്കളാണ് അവ. സാഹിത്യത്തിന്റെ സാരസർവസ്വം റൊമാന്റിസിസത്തിൽ അടങ്ങിയിരിക്കുന്നുവെന്നും മറ്റ് രണ്ട് പ്രസ്ഥാനങ്ങൾ സാഹിത്യത്തിന് അത്രതന്നെ ഒഴിച്ചുകൂടാത്തവയല്ലെന്നും

അതിന്റെ വക്താക്കൾ വിശ്വസിക്കുന്നു. തനി റൊമാന്റിക്കുകൾ ത്രിത്വത്തിൽ വിശ്വസിക്കുന്നില്ല.ഏകത്വത്തിലേ വിശ്വസിക്കുന്നുള്ളൂ. കാൽപനികത്വമില്ലെങ്കിൽ സാഹിത്യമില്ല എന്നാണ് അവരുടെ നില. സങ്കേത വാദികളുടെയും യാഥാർത്ഥ്യവാദികളുടെയും നില ഇത്രത്തോളം ഇതരവർജ്ജകമായി കണ്ടിട്ടില്ല. സങ്കേതാത്മകതയോ, യാഥാർഥ്യപരതയോ മതി സാഹിത്യമാവാൻ എന്നു സിദ്ധാന്തിച്ചവർ ചുരുങ്ങും. 'അതുമതി' എന്നല്ല, 'അതുംവേണം ' എന്നേ അവയ്ക്ക് വേണ്ടി ഉരത്തു വാദിച്ചവർപോലും വാദിച്ചിട്ടുള്ളൂ. കാല്പനികരാവട്ടെ 'അതുമതി' എന്ന വാദക്കാരാണ് ഒരു തരം അദ്വൈതവാദികൾ. കാൽപനികതയുടെ ഒരൊറ്റ തേജോബിന്ദുവിനെ മാത്രം നോക്കി അതിൽ ചിത്തം ലയിപ്പിച്ചിരിക്കുന്നവരാണ് കോളറിഡ്ജ് , അല്ലൻപോ, ഹൈനേ തുടങ്ങിയ സുവിദിതരായ റൊമാന്റിക്കുകൾ. ഇവരുടെ വാദം വെറും ഊറ്റം കൊള്ളലാകാതിരിക്കണമെങ്കിൽ, റൊമാന്റിസിസം സാഹിത്യത്തിന്റെ പ്രാണനായി നിലകൊള്ളുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കേണ്ടതുണ്ട്. സാഹിത്യത്തിന്റെ ആത്മ ധർമ്മമെന്ന് പണ്ഡിതന്മാർ നിർവചിച്ചു തന്നതും സഹൃദയന്മാർ കണ്ടറിഞ്ഞു വെച്ചതുമായ ആന്തര ചൈതന്യം തന്നെയാണ് റൊമാന്റിസിസത്തിന്റെ കാതൽ.

<u>ചോദ്യങ്ങൾ</u>

1.(I) ഇസങ്ങളെക്കുറിച്ച് പ്രൊഫസർ എൽടൻ എന്താണ് പറയുന്നത് ?

1.(II) എന്താണ് റൊമാന്റിസിസത്തിന്റെ കാതൽ ?

1.(III) ചില വക്താക്കൾ വിശ്വസിക്കുന്നത് എന്ത് ?

1.(IV) സാഹിത്യത്തിൽ രൂപശില്പങ്ങൾ സൃഷ്ടിക്കുന്നതെങ്ങനെ ?

1.(V) സങ്കേത പ്രധാനമായ പ്രസ്ഥാനം ഏതാണ് ?

1.(VI) കാൽപനികത്വമില്ലെങ്കിൽ സാഹിത്യമില്ല എന്ന് ചിന്തിക്കുന്നത് ആര് ?

1.(VII) സാഹിത്യത്തിന്റെ പ്രാണനായി നിലകൊള്ളുന്ന പ്രസ്ഥാനമേത് ?

1.(VIII) യാഥാർത്ഥ്യത്തിന്റെ ഉരസ്സൽ കൊണ്ട് മനസ്സിലുണ്ടാകുന്ന ആശയവികാസരൂപമായ വൃത്തിവിശേഷം എന്ത്?

2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക [7x1=7]

അനവധി നിർവചനങ്ങൾ ലഭ്യമാണെങ്കിലും പൊതുവേ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അഥവാ നിർമിത ബുദ്ധി എന്നത് സൂചിപ്പിക്കുന്നത് മനുഷ്യരിലും മൃഗങ്ങളിലും പ്രകടമായ ധൈഷണിക സാമർഥ്യം കൈവരിക്കാനായി കമ്പ്യൂട്ടറുകളെ പ്രോഗ്രാം ചെയ്യുന്ന രീതികളെയാണ്. ഇതുവഴി കമ്പ്യൂട്ടറുകളും,അവ ബുദ്ധി കേന്ദ്രമായി പ്രവർത്തിക്കുന്ന യന്ത്രങ്ങളും, നിർവഹിക്കുന്ന ജോലികളിൽ

മനുഷ്യതുല്യമോ ചിലപ്പോൾ അതിനേക്കാൾ മികച്ചതോ ആയ സാമർത്ഥ്യം കൈവരിക്കുന്നു. കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ എന്നിവയിൽ മാത്രം നിർമ്മിത ബുദ്ധി സേവനങ്ങൾ ഒതുങ്ങി നിൽക്കുന്നില്ല. നിർമ്മിത ബുദ്ധിയിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഭാഗമാണ് സ്വയം പഠിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ പഠനശാഖയായ മെഷീൻ ലേണിങ് (Machine Learning). അതിൽ തന്നെ പ്രാമുഖ്യം അർഹിക്കുന്ന ഒന്നാണ് മനുഷ്യബുദ്ധിയെ അനുകരിച്ച് പ്രവർത്തിക്കുന്ന ഡീപ് ലേണിംഗ് (Deep Learning) എന്ന ശാഖ. നിർമ്മിത ബുദ്ധിയെന്ന് പറയുമ്പോൾ അതിന്റെ കൽപിത ഭാവമാണ് എല്ലാവരുടെയും മനസ്സിൽ ഓടിയെത്താൻ സാധ്യത. ഇത്തരം സങ്കല്പങ്ങൾ തേടി ചരിത്രത്തിൽ എത്ര പിന്നോട്ട് വേണമെങ്കിലും പോകാം. ലോകത്തിന് എ ഐ എന്ന വാക്ക് സുപരിചിതമായത് 1956ന് ശേഷമാണ്.കമ്പ്യൂട്ടറുകൾക്ക് സവിശേഷ ബുദ്ധി നൽകാനുള്ള ആദ്യകാല ഉദ്യമങ്ങളൊക്കെ സ്വയം പ്രേരിതവിചിന്തനം സാധ്യമാക്കുന്ന പ്രോഗ്രാമുകൾ ആയിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വാക്കിനും, ലിസ്പ് എന്ന കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് ഭാഷാ വിഭാഗത്തിനും അൽഗോൾ എന്ന കമ്പ്യൂട്ടർ ഭാഷയ്ക്കും നമ്മൾ ജോൺ മക്കാർത്തിയോട് കടപ്പെട്ടിരിക്കുന്നു. ചെറിയ പ്രായത്തിലെ ഗണിതത്തിൽ താല്പര്യം പ്രകടിപ്പിച്ച മക്കാർത്തി കൗമാരപ്രായത്തിലെ സർവ്വകലാശാല തലത്തിലുള്ള പുസ്തകങ്ങളൊക്കെ സ്വയം പഠിച്ച് അവഗാഹം നേടിയിരുന്നു. നിർമ്മിത ബുദ്ധിയുടെ ഗണിത യുക്തിയിൽ ശ്രദ്ധ പതിപ്പിച്ച മക്കാർത്തി കാൽടെക്കിൽ വിദ്യാർത്ഥിയായിരുന്ന അവസരത്തിൽ ശ്രവിച്ച ജോൺവോൺനോയിമാന്റെ ഒരു പ്രഭാഷണം തന്റെ ഭാവി കമ്പ്യൂട്ടർ സയൻസിലേക്ക് തിരിച്ചുവിടാൻ പ്രേരണയായി. ഡാർട് മൗത്ത് കോളേജിൽ അധ്യാപകനായി പ്രവർത്തിക്കുമ്പോഴാണ് അദ്ദേഹം നിർമ്മിത ബുദ്ധി ശിൽപ്പശാല സംഘടിപ്പിക്കുന്നത്. സ്വാഭാവിക ഭാഷ കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിലേക്ക് ഗവേഷകരുടെ ശ്രദ്ധ പതിഞ്ഞെങ്കിലും 1980കൾക്ക് ശേഷമാണ് നിർമ്മിത ബുദ്ധി വ്യാവസായികമായി പരീക്ഷിക്കാവുന്ന ഒന്നാണെന്ന അവസ്ഥാവിശേഷം നിലവിൽ വന്നത്.

ചോദ്യങ്ങൾ

2.(I) 1980 കൾക്ക് ശേഷം നിർമ്മിത ബുദ്ധിക്ക് സംഭവിച്ച മാറ്റമെന്ത്?

2.(II) ജോൺ മക്കാർത്തിയുടെ ഭാവി കമ്പ്യൂട്ടർ സയൻസിലേക്ക് തിരിച്ചുവിടാൻ പര്യാപ്തമായ പ്രസംഗം ആരുടേതായിരുന്നു ?

2.(III) നിർമിത ബുദ്ധി എന്ന് പറയുമ്പോൾ എല്ലാവരുടെയും മനസ്സിൽ ഓടിയെത്തുന്ന ഘടകം ഏത് ?

2.(IV) ഏതു കോളേജിലെ അധ്യാപകനായിരുന്നു ജോൺ മക്കാർത്തി ?

2.(V) നിർമ്മിത ബുദ്ധി എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്ത് ?

2.(VI) നിർമിത ബുദ്ധിയിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഭാഗം ഏത്?

2.(VII) ലോകത്ത് എ ഐ എന്ന വാക്ക് സുപരിചിതമായത് എപ്പോഴാണ്?

ബി.വിഭാഗം [Section :B]

3.(I) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. [1x5=5]

(A) അഴിമതിമുക്ത കേരളം – എന്റെ സ്വപ്നം.

(B) കടൽ കടക്കുന്ന യൗവനം.

3.(II) വിദ്യാർത്ഥികളിൽ മൂല്യശോഷണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് സൂചിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് തയ്യാറാക്കുക. [1x5=5]

3.(III) അട്ടപ്പാടി മേഖലയിലെ ഗോത്ര വിഭാഗത്തിൽ നിന്നും എംബിബിഎസ് പഠനം പൂർത്തിയാക്കിയ തുളസി എന്ന പെൺകുട്ടിയെ അഭിനന്ദിച്ചുകൊണ്ട് ആരോഗ്യവകുപ്പ് സംഘടിപ്പിച്ച അനുമോദനച്ചടങ്ങിന്റെ പത്രവാർത്ത തയ്യാറാക്കുക. [1x4=4]

സി. വിഭാഗം [Section :C]

4.(I) അംഗാംഗിവാക്യങ്ങൾ വേർതിരിച്ച് എഴുതുക [1x2=2]

(i) അടുത്തുനിന്ന് നോക്കിക്കൊണ്ടിരുന്ന എന്റെ ഉള്ളിൽ കോപം തിളച്ചു മറിഞ്ഞു.

(ii) സൂര്യൻ ഉദിച്ചുയരുന്നതിനു മുൻപായി ഞാൻ വീട്ടിൽ തിരിച്ചെത്തി.

4.(II) പ്രയോഗം മാറ്റുക [2x1=2]

(i) ഞാൻ മരങ്ങളെ നോക്കിയിരിക്കുകയാണ്.

(ii) യുവാക്കളാൽ ആ വേദാധ്യയനം തൽഫലമായി എതിർക്കപ്പെട്ടു.

4.(III) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക. [2x1=2]

(i) പരീക്ഷ കഴിഞ്ഞശേഷം വേനലവധി ആരംഭിച്ചു.

(ii) അൽപനേരം നിശബ്ദനായി മൗനമായിരുന്നതിനുശേഷം അദ്ദേഹം എങ്ങോട്ടോ നോക്കി പതുക്കെ പറയാൻ തുടങ്ങി.

4.(IV) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. [2x1=2]

(i) അവാച്യമായ

(ii) വിസ്മരിക്കുക

(iii) വിശാലമനസ്കൻ

5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. [7x1=7]

5. (I) പാൽ -എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) കീരം (B) ക്ഷീരം

(C) ക്ഷാരം (D) കാരം

5. (II) ആചാര്യൻ എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(A) ആചാര്യ (B) ആചര്യ

(C) ആചാരി (D) ആചാരിണി

5. (III) പുകഴ്ത്തുക എന്നാ പദത്തിന്റെ വിപരീതപദം ഏത്?

(A) താഴ്ത്തുക (B) ഇകഴ്ത്തുക

(C) പ്രശംസിക്കുക (D) കമിഴ്ത്തുക

5. (IV) ഗേഹം -ദേഹം എന്നീ പദങ്ങളുടെ ശരിയായ അർഥവ്യത്യാസം ഏതാണ്?

(A) ഗ്രഹം - ശരീരം (B) കായം - ഗൃഹം

(C) വീട് -ശരീരം (D) കാട് - മോഹം

5. (V) അരി - എന്ന പദത്തിന്റെ നാനാർഥപദം ഏത്?

(A) ചോറ് (B) കായ്

(C) ശത്രു (D) ആന

5. (VI) അതിശയോക്തി എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്തു രൂപം ഏത്?

(A) അതിശയ+ ഓക്തി (B) അതിശയോ + ഉക്തി

(C) അതിശയാ + ഉക്തി (D) അതിശയ + ഉക്തി

5. (VII) മൂഢസ്വപ്നം എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?

(A) അനുദിനം (B) അനുക്ഷണം

(C) ദൈനംദിനം (D) നൈമിഷികം

5. (VIII) തന്നിരിക്കുന്നവയിൽ ശരിയായ പദം തെരഞ്ഞെടുത്തെഴുതുക

(A) ആഢംബരം (B) ആടംബരം

(C) ആഡംമ്പരം (D) ആഡംബരം

5. (IX) നിമിഷം തോറും – എന്ന അർത്ഥം വരുന്ന പദം കണ്ടെത്തുക

(A) അനുദിനം (B) അനുക്ഷണം

(C) ദൈനംദിനം (D) നൈമിഷികം

5. (X) ആശ്രയമില്ലാത്ത അവസ്ഥ - എന്നതിന്റെ ഒറ്റപ്പദം?

(A) നിർഭയത്വം (B) നിർദയത്വം

(C) നിരാശ്രയത്വം (D) പരാശ്രയത്വം

ഡി വിഭാഗം [Section D]

6. തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 2 മാർക്ക് വീതം)

[9x2=18]

6.(I) "മരിച്ചിട്ടില്ലാ ഞങ്ങ-
ളിന്നോള, മൊരുനാളും
മരിക്കി: ല്ലൊടുങ്ങാത്ത
സൃഷ്ടിശക്തികൾ ഞങ്ങൾ!'

(i) 'ഞങ്ങൾ' എന്ന പ്രയോഗത്തിലൂടെ കവി ആരെയാണ് പ്രതിനിധീകരിക്കുന്നത്?

(A) ജീവമണ്ഡലത്തെ
(B) സസ്യജാലങ്ങളെ
(C) മനുഷ്യരാശിയെ
(D) സർഗ്ഗസൃഷ്ടിയെ

(ii) ഈ പ്രഖ്യാപനത്തിന്റെ പൊരുളെന്ത്?

(A) പുരോഗതി അനുസ്യൂതമാണെന്ന് കവി വ്യക്തമാക്കുന്നു
(B) മനുഷ്യരാശി ശാശ്വതമായി നിലനിൽക്കും
(C) മനുഷ്യന്റെ അന്വേഷണത്വരയും സർഗ്ഗാത്മകതയും അവ അവസാനിക്കുന്നില്ല
(D) ഭാവിയെക്കുറിച്ച് ഉള്ള ശുഭാപ്തിവിശ്വാസം)

6.(II) "ഏതൊരു വേദവും ഏതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം "

(i) ഈ വരിയിൽ സ്വഭാഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(A) അന്യഭാഷ

(B) മാതൃഭാഷ

(C)വിദേശ ഭാഷ

(D)നാട്ടുഭാഷ

(ii) ഇത് ആരുടെ വരികളാണ്?

(A) വൈലോപ്പിള്ളി ശ്രീധരമേനോന്റെ

(B) പി പി രാമചന്ദ്രന്റെ

(C) എഴുത്തച്ഛന്റെ

(D)വള്ളത്തോൾ നാരായണമേനോന്റെ

6.(III) ക്യാമറ തുടരെ ക്ലിക്കി,
(പൊൻതൂലിക വിറ്റു കിടിലൻ
ഫോണൊന്നു വാങ്ങിച്ചു ഞാൻ)

ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.

(i) ഈ വരികളിൽ പ്രകടമാകുന്ന മനോഭാവം എന്ത് ?

(A) സമൂഹമാധ്യമങ്ങളിലൂടെ മാത്രം പരിസ്ഥിതി സംരക്ഷണത്തിന് ശ്രമിക്കുന്നവരെ പരിഹസിക്കൽ

(B)പ്രകൃതി സംരക്ഷണം

(C)കാർഷിക മേഖലയുടെ വളർച്ച

(D)ഡിജിറ്റൽ യുഗത്തിന്റെ മഹിമ

(ii) ഈ വരികൾ ഉൾപ്പെട്ട കവിത ഏത് കവിതാസമാഹാരത്തിലേതാണ്?

(A) കാറ്റും കടലും

(B)സാഹിത്യമഞ്ജരി

(C)വിട

(D)കാറ്റേ കടലേ

6.(IV) തെളിഞ്ഞെഞ്ചെവിരണ്ടും കുളുർക്കപ്പറക നീ.

(i) ആരോടാണ് ചെവി രണ്ടും കുളുർക്കെ പറയാൻ കവി ആവശ്യപ്പെടുന്നത്?

(A)പഞ്ചവർണ്ണക്കിളിപ്പെണ്ണിനോട്

(B) ദ്രോണരോട്

(C)ഭീഷ്മരോട്

(D) കർണ്ണനോട്.

(ii) ചെവി രണ്ടും കുളുർക്കെ പറക -ഇതിന് സമാനമായ പദം ഏത്?

(A) കുറിക്കുകൊള്ളുന്ന

(B) കുറുക്കിക്കൊഴുത്ത

(C) കർണ്ണ സുഖം നൽകുന്ന

(D) മന്ദസ്മിതം

6.(V)(i) നിന്നെ തരംതാഴ്ത്തുകയല്ലീ ഞങ്ങൾ - ആരെ ?

(A) കവിയെ

(B) ചങ്ങാതിമാരെ

(C) ഐശ്വര്യ ദേവതയെ

(D) കർഷകരെ

(ii) വൈലോപ്പിള്ളി അറിയപ്പെടുന്നത്

(A) കവി സമ്രാട്ട്,

(B) ഭാഷാപിതാവ്

(C) മലയാളത്തിന്റെ ശ്രീ

(D) പാരമ്പര്യവാദി

6.(VI) തൻ കടിഞ്ഞാണും കൊണ്ടു കാലത്തെ നിയന്ത്രിക്കാൻ

ചങ്കിലെപ്പത തുപ്പി കുതികൊള്ളുന്നു.

(i) ചങ്കിലെപ്പത തുപ്പി കുതികൊള്ളുന്നതാര് ?

(A) വിചാരധാര

(B) ശാസ്ത്രം

(C) കിനാവ്

(D) കാലം

(ii) കാലത്തെ നിയന്ത്രിക്കാൻ എന്ന വരികൾ നൽകുന്ന അർത്ഥസൂചന?

(A)കടിഞ്ഞാണില്ലാത്ത കുതിര

(B)ആർക്കും പിടിച്ചു കെട്ടാൻ ആവാത്ത സമയപ്രവാഹം

(C)കാലം ആർക്കു വേണ്ടിയും കാത്തുനിൽക്കില്ല

(D)വാടി വീഴുന്ന നാളെകൾ

6.(VII) 'നിങ്ങളൊരു രാക്ഷസനാണോ എന്ന് ഞാൻ മനസ്സുകൊണ്ട് അപ്പോൾ ചോദിച്ചു പോയി.'

(i) ഈ ചോദ്യം നൽകുന്ന അർത്ഥസൂചന എന്ത് ?

(A)പ്രകൃതി നാശത്തോടുള്ള പ്രതിഷേധം

(B)പ്രകൃതി ഒരു രാക്ഷസനെപ്പോലെയാണ്

(C)പ്രകൃതി സർവംസഹയാണ്

(D)പ്രകൃതിയോടുള്ള സ്നേഹം

(ii) ആരെയാണ് ഇവിടെ രാക്ഷസൻ എന്ന് സൂചിപ്പിക്കുന്നത് ?

(A) കഥാകൃത്തിനെ

(B) അമേരിക്കയിലെ മക്കളെ

(C) കെ.യു. നായരെ

(D) കെയർടെയ്ക്കറെ

6.(VIII) (i) ഞാൻ നിങ്ങളെപ്പോലെയല്ല , വ്യത്യസ്തനാണ് - എന്ന് സ്ഥാപിക്കാൻ വേണ്ടി സംസാരിക്കുന്നത് എന്തിന്റെ അടയാളമാണ്?

(A) സംസ്കാരത്തിന്റെ

(B) സംസ്കാര ശൂന്യതയുടെ

(C) ഭാഷാജ്ഞാനത്തിന്റെ

(D) അറിവില്ലായ്മയുടെ

(ii) സുഖദുഃഖങ്ങൾ വ്യക്തമാക്കുന്ന വാഹിനിയാണത്. ഏത്?

(A) സംസ്കാരം

(B) ജന്മനാട്

(C) പുണ്യനദി

(D) ഭാഷ

6.(IX) (i) നരേന്ദ്രൻ ഒരു നിധി പോലെ സൂക്ഷിച്ചു .നിധി പോലെ സൂക്ഷിച്ചത് എന്ത്?

(A) തകരപ്പെട്ടി

(B) ചീനവല

(C) അമ്മയും അച്ഛനും കൂടിയുള്ള ഫോട്ടോ

(D) കെട്ടുവള്ളം

(ii) ആരുടെ വാക്കുകളാണ് ദൈവത്തിന്റെ വചനമായി നരേന്ദ്രന് തോന്നിയത്?

(A) ബുദ്ധസന്യാസിയുടെ

(B) ഭാഷാശാസ്ത്രജ്ഞന്റെ

(C)വൈജ്ഞാനിക സമൂഹത്തിന്റെ

(D) ഭാഷാസ്നേഹികളുടെ

6.(X)(i) ഭാഷകളുടെ പ്രശ്നത്തെക്കൂടി അഭിസംബോധന ചെയ്തേ വൈജ്ഞാനിക സമൂഹ നിർമ്മിതി സാധ്യമാകൂ എന്ന് അഭിപ്രായപ്പെട്ടത് -

(A) ഭാഷാ ശാസ്ത്രജ്ഞർ

(B) വൈജ്ഞാനിക സമൂഹം

(C) ഭാഷാ സ്നേഹികൾ

(D) യുനെസ്കോരേഖ

(ii) വിജ്ഞാന സമ്പത്ത് കൈയടക്കിവച്ചിരിക്കുന്ന രാജ്യങ്ങൾ ഏത്?

(A) അവികസിത രാജ്യങ്ങൾ

(B) സാമ്പത്തികശേഷിയുള്ള രാജ്യങ്ങൾ

(C)വികസ്വര രാജ്യങ്ങൾ

(D) ദരിദ്ര രാജ്യങ്ങൾ

6.(XI) "നമ്പൂതിരി സമുദായത്തെ ബാധിച്ച വ്യാധിക്ക് ഒരു വിദഗ്ധനായ വൈദ്യനെപ്പോലെയാണ് അദ്ദേഹം ചികിത്സ നടത്തിയത്"

(i) ഇവിടെ 'വ്യാധി' എന്തിനെ സൂചിപ്പിക്കുന്നു?

(A) അസമത്വം

(B) അസുഖം

(C) ദാരിദ്ര്യം

(D) സ്വാതന്ത്ര്യം

(ii) വിദഗ്ധനായ വൈദ്യൻ എന്ന് സൂചിപ്പിച്ചത് ആരെയാണ്?

(A) ശാസ്ത്രജ്ഞൻ

(B) മഹാപണ്ഡിതൻ

(C) വി. ടി. ഭട്ടതിരിപ്പാട്

(D) കവികൾ

6.(XII) “ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രയാണം അവിസ്മരണീയമാണ് കേരളത്തിൽ എത്തിപ്പെടുക നരേന്ദ്രന്റെ ലക്ഷ്യമായിരുന്നു”

(i) നരേന്ദ്രന്റെ അമ്മ ഏത് നാട്ടുകാരിയായിരുന്നു?

(A) കേരളം

(B) ഉത്തർപ്രദേശ്

(C) നേപ്പാൾ

(D) ബംഗാൾ

(ii) നരേന്ദ്രന്റെ യാത്ര എവിടെ നിന്നായിരുന്നു?

(A) ബോംബെ

(B) കൽക്കത്ത

(C) ഡൽഹി

(D) ചെന്നൈ

7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. [3x3=9]

7.(I) പാടി സ്വകീയരെ കേൾപ്പിച്ച പൈങ്കിളി
പാടവഹീനയെന്നാർ പറയും".
കൈരളിയുടെ എന്തെല്ലാം പാടവത്തെയാണ് എന്റെ ഭാഷ എന്ന കവിതയിൽ പ്രതിപാദിച്ചിരിക്കുന്നത്.വ്യക്തമാക്കുക.

7.(II) സമത്വ സുന്ദരമായ നല്ലൊരു നാളയെ സ്വപ്നം കാണുന്ന കവിയെയാണോ വിഷുക്കണി എന്ന കവിതയിൽ നമുക്ക് കാണാൻ കഴിയുന്നത്. കവിതാ ഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

7.(III) മനുഷ്യപുരോഗതിയുടെ അനന്തമായ യാത്രയുടെ കാണാക്കാഴ്ചകളിലേക്ക് വായനക്കാരെ കൊണ്ടെത്തിക്കുന്ന കവിതയാണോ പ്രയാണം എന്ന കവിത ? കവിതയെ ആസ്പദമാക്കി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് കുറിപ്പെഴുതുക.

7.(IV) എഴുത്തച്ഛന്റെ ഭാഷാശൈലിയെ കവിതാഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക . [3x3=9]

8.(I) ചരിത്രം രചിച്ച നാടകം - ' എന്തൊക്കെ ചരിത്രങ്ങളാണ് കേരളത്തിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസരംഗത്ത് രചിച്ചിട്ടുള്ളത് ?

8.(II)വിജ്ഞാനമേഖല നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ആ നിരന്തര വികാസം ഭാഷയും സംസ്കാരവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? വിശദമാക്കുക.

8.(III) ഒരു ഭാഷ പഠിക്കുക എന്നാൽ അതിലൂടെ ഒരു ജനതയുടെ സംസ്കാരത്തെ അറിയുക എന്നു കൂടിയാണ് അർത്ഥമാക്കുന്നത്. സമകാലിക സമൂഹത്തിൽ ഈ പ്രസ്താവനയുടെ സാംഗത്യം എത്ര മാത്രം അർത്ഥപൂർണമാണ്. പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

8.(IV) 'പ്രകൃതിയെ കൈവിടുന്നവന് ജീവിതം തന്നെ കൈവിട്ടു പോകും.' മണ്ണും മനുഷ്യനും എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

****